പത്രക്കുറിപ്പ്
18-8-2017

## കുടുംബശ്രീ വനിതകൾക്ക്
## സർഗ്ഗാത്മക ശാക്തീകരണം അനിവാര്യം :വൈശാഖൻ

കോഴിക്കോട് - കുടുംബശ്രീയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ സ്ത്രീ ശാക്തീകരണത്തിൽ സാമ്പത്തിക ശാക്തീകരണത്തിനൊപ്പം സർഗ്ഗാത്മക ശാക്തീകരണവും അനിവാര്യമാണെന്ന് കേരള സാഹിത്യ അക്കാദമി ചെയർമാൻ വൈശാഖൻ. കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി എന്നിവയുമായി ചേർന്ന് കുടുംബശ്രീ നടത്തുന്ന 'ആവിഷ്കാര' ത്രിദിന കലാശിൽപ്പശാലയുടെ ഉദ്ഘാടനം കോഴിക്കോട് ടൗൺഹാളിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർഗ്ഗാത്മക ശാക്തീകരണത്തിലേക്കുള്ള ചുവടുവയ്പ്പാണ് ഈ കലാശിൽപ്പശാല. സ്വപ്നങ്ങളിൽ മാത്രം കണ്ടിട്ടുള്ള പല അസാധ്യ കാര്യങ്ങളും നടപ്പിലാക്കി ലോകത്തിലെ തന്നെ ഒരു വിസ്മയമായി മാറിക്കഴിഞ്ഞിരിക്കുന്നു കുടുംബശ്രീ. അക്കാദമി പ്രവർത്തനങ്ങൾ താഴെ തട്ടിലേക്ക് എത്തിക്കണമെന്നാണ് തീരുമാനം. ഈ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ലളിതകലാ അക്കാദമിയും സംഗീത നാടക അക്കാദമിയുമായും ചേർന്ന് കുടുംബശ്രീയുമായി സഹകരിച്ച് ഇങ്ങനെയാരു ശിൽപ്പശാല നടത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. പണ്ഡിത ാർ ചേർന്ന് ചർച്ചകൾ നടത്തുന്ന കേന്ദ്രമെന്ന അക്കാദമികളുടെ പ്രതിച്ഛായ ഇതുവഴി പൊളിച്ചെഴുതപ്പെടുകയാണ്. ശീലങ്ങളെല്ലാം മാറ്റിമറിച്ച് വ്യത്യസ്തമായ മറ്റൊരു ലോകമുണ്ടാക്കിയെടുക്കാനുള്ള കൂട്ടായ്മയാകണം കുടുംബശ്രീ കൂട്ടായ്മ, അനുഭവങ്ങളെ മുത്തുകളാക്കി മാറ്റുന്ന ചിപ്പികളായി ഓരോ കുടുംബശ്രീ പ്രവർത്തകരും മാറണമെന്നും അദ്ദേഹം പറഞ്ഞു.

ജീവിത സാഹചര്യങ്ങൾ മൂലം കലാവാസനയുള്ള സ്ത്രീകൾക്ക് പലർക്കും അത് പ്രകടിപ്പിക്കാൻ കഴിയുന്നില്ല. കല സ്വതന്ത്രമായി ആവിഷ്ക്കരിക്കപ്പെടുമ്പോൾ സ്വന്തം വ്യക്തിത്വം തിരികെ ലഭിക്കുമെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ച കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ വ്യക്തമാക്കി. തീർത്തും ദരിദ്രമായ ചുറ്റുപാടുകളിൽ നിന്ന് വരുന്ന സ്ത്രീകളിലേക്ക് സാഹിത്യ, സംഗീത-നാടക, ലളിതകലാ അക്കാദമികൾ ഇറങ്ങിച്ചെന്നിരിക്കുന്ന അഭിമാനമുഹൂർത്തമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സ്ത്രീകളുടെ കലാസൃഷ്ടികൾ അവരുടെ ജീവിതത്തിന്റെ നേർച്ചിത്രമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കോഴിക്കോട് വെള്ളിമാടുകുന്ന് പിഎംഒസി ഹാൾ, കോർപ്പറേഷൻ സാംസ്ക്കാരിക നിലയം ആംഫി തിയേറ്റർ, ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ യഥാക്രമം സാഹിത്യം, നാടകം, ചിത്രരചന എന്നീ മേഖലകളിൽ സാഹിതീയം, നാടകലോകം, വര-വർണ്ണം എന്നിങ്ങനെയാണ് ശിൽപ്പശാല സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാനമൊട്ടാകെ കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്ന് സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ മുന്നിട്ട് നിൽക്കുന്ന, തെരഞ്ഞെടുക്കപ്പെട്ട 150 ഓളം പേർക്ക് അതാത് മേഖലകളിലെ പ്രതിഭകളുമായി സംവദിക്കാനുള്ള അവസരമാണ് ശിൽപ്പശാല വഴി ലഭിച്ചിരിക്കുന്നത്. തങ്ങളുടെ സൃഷ്ടികൾ ഇതുവഴി ലോക

ത്തിന് മുന്നിലെത്തിക്കാനും അവർക്ക് കഴിയും. കോഴിക്കോട് ജില്ലാ മിഷൻ കോ- ഓർഡിനേറ്റർ പി.സി. കവിത സ്വാഗതമാശംസിച്ചു. കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ.പി. മോഹനൻ വിഷയാവതരണം നടത്തി. കേരള സംഗീതനാടക അക്കാദമി സെക്രട്ടറി എൻ. രാധാകൃഷ്ണൻ നായർ, കേരള ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ എന്നിവർ സംസാരിച്ചു. കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ ജി.എസ്. അമൃത നന്ദി പറഞ്ഞു. പ്രോഗ്രാം മാനേജർ സോയ തോമസ്, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ഇ. പ്രിയ തുടങ്ങിയവർ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**